<u>**പതിനാലാം കേരള നിയമസഭ**</u>

<u>**പതിനഞ്ചാം സമ്മേളനം**</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1074 10/06/2019 -ലെ മറുപടിക്ക്.

## <u>ചാത്തന്നൂർ കൺസ്ട്രക്ഷൻ അക്കാദമി</u>

<u>ചോദ്യം</u>

**ശ്രീ.ജി.എസ്.ജയലാൽ :**

<u>മറുപടി</u>

**ശ്രീ. ടി.പി.രാമകൃഷ്ണൻ**

**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

<table>
<tr><td>(എ)</td><td>നിർദ്ദിഷ്ട ചാത്തന്നൂർ കൺസ്ട്രക്ഷൻ അക്കാദമിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി ഡോ.കെ.എസ്.ചന്ദ്രശേഖരൻ തയ്യാറാക്കി സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ട് നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ യോഗം പരിഗണിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;</td><td rowspan="2">(എ)<br>&<br>(ബി)</td><td rowspan="2">ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ നിർദ്ദിഷ്ട കൺസ്ട്രക്ഷൻ അക്കാദമിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ് മെന്റ് ഇൻ കേരള ഡയറക്ടർ ഡോ. കെ.എസ്. ചന്ദ്രശേഖരൻ കരട് പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ടി പ്രോജക്ട് റിപ്പോർട്ട് ബോർഡ് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. ആയത് 17/11/2018 -ന് സമർപ്പിച്ചിരുന്നു. 21-11-2018 -ന് തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ പ്രത്യേക യോഗം കൺസ്ട്രക്ഷൻ അക്കാദമിയുടെ പ്രവർത്തനം സംബന്ധിച്ച് ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിക്കുന്നതിന് തീരുമാനിക്കുകയും, ആയത് പ്രകാരം തീരുമാനത്തിനായി 15-12-2018 ലെ 212-ാമത് ബോർഡിൽ ടി വിഷയം സമർപ്പിക്കുകയും ബോർഡ് തീരുമാന പ്രകാരം കേരള കൺസ്ട്രക്ഷൻ അക്കാദമിയുടെ പ്രവർത്തനം</td></tr>
<tr><td>(ബി)</td><td>പ്രസ്തുത അക്കാദമിയുടെ തുടർപ്രവർത്തനങ്ങൾ വേഗത്തിലാക്കി അക്കാദമിയുടെ നിർമ്മാണോദ്ഘാടനം നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?</td></tr>
</table>

| | | | |
|---|---|---|---|
| | | | സംബന്ധിച്ചും പ്രസ്തുത 10 ഏക്കർ സ്ഥലത്ത് ചുറ്റുമതിൽ നിർമ്മിക്കുന്നതിനുമായുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ - ഓപ്പറേറ്റീവ് സൊസൈറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് നാളിതുവരെ സമർപ്പിക്കപ്പെട്ടിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ബോർഡ് തീരുമാന പ്രകാരം അക്കാദമിയുടെ തുടർ പ്രവർത്തനങ്ങൾ നടത്തുന്നതാണ്. |

Sunith

സെക്ഷൻ ഓഫീസർ